# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 378 17.10.2011-ൽ മറുപടിയ്ക്ക്

## നേത്രബാങ്കുവഴിയുള്ള സേവനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എ. അസീസ്:<br>ശ്രീ. കോവൂർ കുഞ്ഞുമോൻ: | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) നേത്രചികിത്സ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) നേത്രചികിത്സ കാര്യക്ഷമമാക്കുന്നതിന് തിരുവനന്തപുരം, കോഴിക്കോട് കണ്ണാശുപത്രികളിലെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് വരുന്നുണ്ട്. നേത്രചികിത്സ കാര്യക്ഷമമാക്കാനായി 58 ലക്ഷം രൂപയ്ക്ക് പുതിയ നേത്രചികിത്സാ ഉപകരണങ്ങൾ വാങ്ങിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. കണ്ണാശുപത്രിയിലെ പുതിയ ബഹുനിലമന്ദിരത്തിന്റെ ആദ്യ ഘട്ടത്തിന്റെ പണി നടന്നുവരുന്നു. സുനയനം എന്ന മൊബൈൽ ടെലി ഒഫ്താൽമോളജി യൂണിറ്റ് തിരുവനന്തപുരത്തിന്റെ വിവിധ ഭാഗങ്ങളിൽ ഓരോ മാസവും പോയി വിദഗ്ധ ചികിത്സ ആവശ്യമായ രോഗികൾക്ക് റീജീയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്താൽമോളജിയിൽ വരാതെ തന്നെ ചികിത്സ നൽകുവാൻ സാധിക്കുന്നുണ്ട്. സംസ്ഥാനത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ നേത്രരോഗ ചികിത്സകരുടെ സേവനം ലഭ്യമാക്കാനുള്ള സാധ്യത പരിശോധിച്ചുവരുന്നു. അതിനായി കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാരെയും ഒപ്റ്റോമെട്രിസ്റ്റുകളേയും നിയമിക്കാനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു.<br>2011-2012 സാമ്പത്തിക വർഷത്തിൽ 163 ലക്ഷം രൂപ (നൂറ്റി അറുപത്തി മൂന്ന് ലക്ഷം) പ്ലാൻ ഫണ്ട് പദ്ധതി വിഹിതമായി വകയിരുത്തി യിട്ടുണ്ട്. ഇതിൽ 127 ലക്ഷം രൂപ (നൂറ്റി ഇരുപത്തിയേഴ് ലക്ഷം രൂപ) യ്ക്ക് ആധുനിക നേത്ര ചികിത്സാ ഉപകരണങ്ങൾ ആരോഗ്യവകുപ്പ് ഡയറക്ടർ മുഖേന വാങ്ങി ആവശ്യമുള്ള സ്ഥാപനങ്ങൾക്ക് നൽകുവാൻ തീരുമാനമായിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 36 ലക്ഷം രൂപ (മുപ്പത്തിയാറ്) കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ ഒഫ്താൽമിക് ഓപ്പറേഷൻ തിയേറ്റർ നിർമ്മാണത്തിന് |

| | |
|---|---|
| | അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഇൻഫർമേഷൻ ടെക്നോളജിയുടെ സഹായത്തോടെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലും പാലക്കാട് ജില്ലാ ആശുപത്രിയിലും ടെലി ഒഫ്താൽമോളജി യൂണീറ്റുകൾ തുടങ്ങുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ലാ ആശുപത്രികളായ കൊല്ലം, മഞ്ചേരി, കണ്ണൂർ എന്നിവിടങ്ങളിലെ നേത്രദാനകേന്ദ്രങ്ങൾ നവീകരിക്കുന്നതിന് പ്രാരംഭചർച്ചകൾ നടന്നു കഴിഞ്ഞു. സംസ്ഥാനത്തെ 14 ജില്ലകളിലും തിരഞ്ഞെടുക്കപ്പെടുന്ന ഒരു പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ വിഷൻ സെന്റർ സ്ഥാപിക്കാൻ തീരുമാനമായി. ഈ വർഷം 14 വിഷൻ സെന്ററുകൾ സംസ്ഥാനത്ത് സ്ഥാപിക്കും. ആധുനിക നേത്രചികിത്സാ രീതിയെക്കുറിച്ച് ഡോക്ടർ മാർക്ക് അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ വച്ച് പരിശീലനം നൽകി വരുന്നുണ്ട്. നേത്രദാനം പ്രോത്സാഹിപ്പിക്കാനും നേത്രരോഗ പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ച് പ്രചരണവും, ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. സർക്കാർ സ്ക്കൂളുകളിൽ സൗജന്യനേത്ര പരിശോധനയും ചികിത്സയും നൽകി വരുന്നുണ്ട്. നിർധന വിദ്യാർത്ഥികൾക്ക് ഡോക്ടർമാരുടെ ശുപാർശയിന്മേൽ സൗജന്യമായി കണ്ണട നല്കിവരുന്ന പദ്ധതി തുടരുന്നുണ്ട്. ബ്ലോക്ക് പി.എച്ച്.സി. മുതൽ ജില്ല ജനറൽ ആശുപത്രി വരെയുള്ള സ്ഥാപനങ്ങളിൽ ഒഫ്ത്താൽമിക് അസിസ്റ്റന്റുമാരുടെ സേവനം ഇപ്പോൾ ലഭ്യമാണ്. ഈ ഒഫ്ത്താൽമിക് അസിസ്റ്റന്റുമാർ ഫീൽഡ് വിസിറ്റ് നടത്തി നേത്രരോഗികളെ കണ്ടെത്തി പ്രസ്തുത വിവരം സമീപത്തുള്ള ആരോഗ്യകേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്യുന്നുണ്ട്. ജില്ലാ ആശുപത്രിയോട് ചേർന്ന് പ്രവർത്തിച്ചുവരുന്ന മൊബൈൽ യൂണിറ്റുകൾ വിവിധ കേന്ദ്രങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിച്ച്, പരിശോധന നടത്തി നേത്രരോഗനിർണ്ണയവും ചികിത്സയും നടത്തിവരുന്നു. സ്വകാര്യ ആശുപത്രികളിൽ നടത്തുന്ന സൗജന്യ തിമിരശസ്ത്രക്രിയകൾക്ക് "നിർദ്ധനരായ രോഗികൾക്ക് പ്രതിഫലം വാങ്ങാതെ ശസ്ത്രക്രിയ ചെയ്തു". എന്ന സർട്ടിഫിക്കറ്റിൻ മേൽ ധനസഹായം നൽകുന്നുണ്ട്. |
| (ബി) നേത്രദാനം വ്യാപകമാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനു തിനും പുതിയ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | **(ബി)** നേത്രദാനം വ്യാപകമാക്കുന്നതിന് സർക്കാർ സഹായത്തോടെ പ്രചാരണപ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. നേത്രദാന പക്ഷാചരണം എല്ലാ വർഷവും ഓഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 8 വരെ വ്യാപകമായി ആചരിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നേത്രദാനത്തെ പ്രോത്സാഹിപ്പി |

| | |
|---|---|
| | ക്കുന്നതിനുള്ള പഠനക്ലാസ്സുകൾ നടത്തി വരുന്നുണ്ട്. ഒരു നേത്രബാങ്ക് കൗൺസിലർ വിവിധ സ്ഥലങ്ങളിൽ പോയി നേത്രദാനം വ്യാപകമാക്കുന്നതിന് ക്ലാസ്സുകൾ എടുക്കുന്നുണ്ട്. നേത്രദാനം പ്രോത്സാഹിപ്പിക്കുന്നതിനായി സ്ക്കൂൾ/കോളേജ് ഓഫീസ് തലത്തിൽ സന്നദ്ധ സംഘടനകളുടേയും, എൻ.ജി.ഒ. മാരേയും, ആരോഗ്യവകുപ്പ് ജീവനക്കാരുടെയും സഹായത്തോടെ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിച്ചു. |
| (സി) നേത്രബാങ്കുകൾ സംസ്ഥാനത്ത് എവിടെയെല്ലാം പ്രവർത്തിക്കുന്നു; | (സി) സംസ്ഥാനത്തെ 5 സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലും നേത്രബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്കു പുറമെ ചൈതന്യ ഐ ഹോസ്പിറ്റൽ, തിരുവനന്തപുരം, ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി, ജൂബിലി മിഷൻ ഹോസ്പിറ്റൽ, തൃശ്ശൂർ, അഹല്യ ഐ ഹോസ്പിറ്റൽ, പാലക്കാട്, മൗലാന ഹോസ്പിറ്റൽ, മലപ്പുറം, അൽസലാമ ഹോസ്പിറ്റൽ, മലപ്പുറം, കോംട്രസ്റ്റ് ഐ ഹോസ്പിറ്റൽ, കോഴിക്കോട് എന്നീ സ്വകാര്യ ആശുപത്രികളിലും നേത്രബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കൊല്ലം, പത്തനംതിട്ട, മഞ്ചേരി, കണ്ണൂർ എന്നിവിടങ്ങളിലെ ജില്ലാ ആശുപത്രികളിലും, കോഴിക്കോട്ടെ മലബാർ ഐ ഹോസ്പിറ്റലിലും നേത്രദാനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) നേത്രബാങ്കുകൾ വഴി ഇപ്പോൾ നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ഡി)നേത്രബാങ്കുകളിലും നേത്രദാനകേന്ദ്രങ്ങളിലും ദാനമായി ലഭിക്കുന്ന നേത്രഗോളങ്ങൾ മൃതശരീരത്തിൽ നിന്നും വേർപെടുത്തി ശേഖരിക്കുന്നു, ഇവ നേത്രബാങ്കിൽ സൂക്ഷിച്ച് പേര് രജിസ്റ്റർ ചെയ്തിട്ടുള്ള രോഗികൾക്ക് ഡോക്ടർമാരുടെ ശുപാർശയനുസരിച്ച് മുൻഗണനാ ക്രമത്തിൽ നേത്രപടലം വച്ചുപിടിപ്പിച്ചുവരുന്നു. നേത്രപടലം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും അതിനുശേഷമുള്ള തുടർ ചികിത്സയും പൂർണ്ണമായും സൗജന്യമായി ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ.